സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com | വാല്യം: 60 | ലക്കം: 29 | 2025 ഏപ്രിൽ 05 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


## മലപ്പുറത്ത് ഈഴവർ വോട്ടുകുത്തിയന്ത്രങ്ങൾ, തൊഴിലുറപ്പ് മാത്രമേയുള്ളൂ–വിവാദ പ്രസംഗവുമായി വെള്ളാപ്പള്ളി

മലപ്പുറം: ഈഴവർക്ക് കടുത്ത അവഗണനയെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. നിലമ്പൂർ ചുങ്കത്തറയിൽ നടന്ന എസ്.എൻ.ഡി.പി സമ്മേളനത്തിലാണ് വെള്ളാപ്പിള്ളിയുടെ വിവാദപരാമർശം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി ഇത്രനാളായിട്ട് സ്വാതന്ത്ര്യത്തിന്റെ ?ഗുണഫലങ്ങളുടെ ഒരം?ശം പോലും പിന്നോക്ക വിഭാ?ഗങ്ങൾക്ക് മലപ്പുറത്ത് ലഭിച്ചിട്ടുണ്ടോ? മലപ്പുറത്ത് ഈഴവർക്ക് തൊഴിലുറപ്പ് മാത്രമേയുള്ളൂ. അല്ലാതെ ഒരു കോളേജോ പള്ളിക്കൂടമോ ഉണ്ടോ? വോട്ടുകുത്തിയന്ത്രങ്ങളാണ് മലപ്പുറത്തെ പിന്നാക്ക വിഭാഗം. എല്ലാവർക്കും വോട്ട് കൊടുക്കാൻ മാത്രം വിധിക്കപ്പെട്ടവരാണ്.സംഘടിച്ച് വോട്ടുബാങ്കായി നിന്നിരുന്നെങ്കിൽ നമുക്കും ഇതെല്ലാം നേടാനായേനെയെന്നും അദ്ദേഹം പറഞ്ഞു.

# ഇ.ഡി 'ബ്ലെസ്' ചെയ്ത് മടങ്ങി: ഗോകുലം ഗോപാലൻ

## ഒന്നരക്കോടി രൂപയും രേഖകളും പിടിച്ചെടുത്തു



ചെന്നൈ: ഇ.ഡി പരിശോധനയ്ക്കും ചോദ്യം ചെയ്യലിനും പിന്നാലെ പ്രതികരണവുമായി പ്രമുഖ വ്യവസായിയും നിർമാതാവുമായ ഗോകുലം ഗോപാലൻ. അഞ്ച് ഇടങ്ങളിലായി നടത്തിയ പരിശോധനയിൽ ഇ.ഡി ഉദ്യോഗസ്ഥർ ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ലെന്നും അവർ 'ബ്ലെസ്' ചെയ്താണ് മടങ്ങിയതെന്നും ഗോകുലം ഗോപാലൻ പ്രതികരിച്ചു. എമ്പുരാൻ സിനിമയുമായി ഈ പരിശോധനയ്ക്ക് ബന്ധമുണ്ടോയെന്ന ചോദ്യത്തിന് എല്ലാം സ്വാഭാവികമായ പരിശോധന മാത്രമാണെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം ഗോകുലത്തിന്റെ സ്ഥാപനങ്ങളിൽ നടത്തിയ റെയ്ഡിൽ ഒന്നരക്കോടി രൂപയും ചില രേഖകളും പിടിച്ചെടുത്തിട്ടുണ്ട്. പണത്തിന്റെ ഉറവിടം വ്യക്തമാക്കണമെന്ന് ഗോകുലം ഗോപാലനോട് ആവശ്യപ്പെട്ടതായും ഇ.ഡി വ്യക്തമാക്കുന്നു. ഇ.ഡി റെയ്ഡ് ഇന്ന് പുലർച്ചയോടെയാണ് അവസാനിച്ചത്. ചെന്നൈ കോടമ്പാക്കത്തെ ഗോകുലം ചിറ്റ്സ് ആന്റ് ഫിനാൻസിലും ചെന്നൈയിലെ വീട്ടിലും കോഴിക്കോട്ടെ കോർപറേറ്റ് ഓഫീസിലും ഗോകുലം മാളിലും ഇ.ഡി വെള്ളിയാഴ്ച റെയ്ഡ് നടത്തിയിരുന്നു. ഇതിൽ കോടമ്പാക്കത്തെ സ്ഥാപനത്തിലെ റെയ്ഡ് ഇന്ന് പുലർച്ച വരെ നീണ്ടു.

വെള്ളിയാഴ്ച രാവിലെ കോഴിക്കോട് കോർപറേറ്റ് ഓഫീസിൽവെച്ച് ഇ.ഡി ഗോകുലം ഗോപാലനെ ചോദ്യം ചെയ്തിരുന്നു. ഇതിന് പിന്നാലെ ചെന്നൈയിൽ ഹാജരാകാൻ നോട്ടീസ് നൽകിയിരുന്നു. വൈകുന്നേരത്തോടെ ചെന്നൈയിലെത്തിയ ഗോകുലം ഗോപാലനെ അവിടെ വെച്ചും ഇ.ഡി ചോദ്യം ചെയ്തിരുന്നു. ഏഴര മണിക്കൂറോളമാണ് ചോദ്യം ചെയ്യൽ നീണ്ടത്.

ഗോകുലം ഗ്രൂപ്പ് ഫെമ നിയമം ലംഘിച്ചുവെന്നാണ് ഇ.ഡിയുടെ കണ്ടെത്തൽ. ഗോകുലം ചിറ്റ്സ് ആന്റ് ഫിനാൻസിൽ പ്രവാസികളിൽ നിന്നടക്കം ചട്ടങ്ങൾ ലംഘിച്ച് പണം സ്വീകരിച്ചെന്നും സൂചനകളുണ്ട്. ഗോകുലം ഗ്രൂപ്പിന്റെ മറ്റ് സാമ്പത്തിക ഇടപാടുകളും ഇ.ഡി പരിശോധിക്കുന്നുണ്ട്. 2022-ൽ ഇ.ഡിയുടെ കൊച്ചി യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസിന്റെ ഭാഗമായാണ് അന്വേഷണം. പിഎംഎൽഎ ലംഘനം, വിദേശ നാണയ വിനിമയ ചട്ടങ്ങളുടെ (ഫെമ) ലംഘനം തുടങ്ങിയവയുടെ പേരിലാണ് ഇ.ഡി പരിശോധന.

## ഞാൻ പുറത്തിറങ്ങുമ്പോൾ ഒറ്റ മാധ്യമപ്രവർത്തകനും പരിസരത്ത് കാണരുത്: സുരേഷ്ഗോപി

കൊച്ചി: എറണാകുളം ഗസ്റ്റ് ഹൗസിൽനിന്ന് മാധ്യമങ്ങളെ മുഴുവൻ പുറത്താക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രമന്ത്രി സുരേഷ്ഗോപി. കഴിഞ്ഞദിവസം ജബൽപൂർ വിഷയത്തെക്കുറിച്ചുള്ള ചോദ്യങ്ങളോട് ക്ഷുഭിതനായതിനെക്കുറിച്ച് ഇന്ന് വീണ്ടും മാദ്ധ്യമപ്രർത്തകർ ചോദിച്ചപ്പോഴാണ് മാദ്ധ്യമങ്ങളെ പുറത്താക്കാൻ സുരേഷ്ഗോപി ആവശ്യപ്പെട്ടത്. ചോദ്യങ്ങൾ കേട്ടതായിപ്പോലും നടിക്കാതെ മുറിയിലേക്ക് പോയി. തുടർന്നാണ് മാദ്ധ്യമങ്ങളെ പുറത്താക്കാൻ ആവശ്യപ്പെട്ടത്. മാദ്ധ്യമപ്രവർത്തകരെ പുറത്താക്കണമെന്ന് ഗൺമാൻ വഴിയാണ് റിസപ്ഷനിസ്റ്റിനെ അറിയിച്ചത്.

## നടൻ പൃഥ്വിരാജിന് ആദായ നികുതിവകുപ്പിന്റെ നോട്ടീസ്, പ്രതിഫലം സംബന്ധിച്ച് വിശദീകരണം തേടി



കൊച്ചി: നടൻ പൃഥ്വിരാജിന് ആദായ നികുതിവകുപ്പിന്റെ നോട്ടീസ്. മൂന്ന് ചിത്രങ്ങളിലെ പ്രതിഫലം സംബന്ധിച്ച് വിശദീകരണം തേടി. കടുവ, ജനഗണമന, ഗോൾഡ് എന്നീ സിനിമകളുടെ പ്രതിഫലം സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നാണ് വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ചിത്രങ്ങളിൽ അഭിനേതാവെന്ന നിലയിൽ പൃഥ്വിരാജ് പ്രതിഫലം വാങ്ങിയിരുന്നില്ല. എന്നാൽ സഹനിർമാതാവെന്ന നിലയിൽ 40 കോടിയോളം രൂപ പൃഥ്വിരാജ് സ്വന്തമാക്കിയെന്നാണ് കണ്ടെത്തൽ. നിർമാണ കമ്പനിയുടെ പേരിൽ പണം വാങ്ങിയതിൽ വ്യക്തത വരുത്തണമെന്ന് ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടു. സ്വാഭാവിക നടപടിയാണെന്നാണ് ആദായ നികുതി വകുപ്പിന്റെ വിശദീകരണം.

മാർച്ച് 29 നാണ് കൊച്ചി ആദായ നികുതി വകുപ്പ് ഓഫീസിൽ നിന്ന് പൃഥ്വിരാജിന് നോട്ടീസ് അയച്ചത്. വരുന്ന ഏപ്രിൽ 29-നകം വിശദീകരണം നൽകണമെന്നാണ് നിർദേശം.

അഭിനേതാവെന്ന നിലയിൽ പണം വാങ്ങുമ്പോൾ അതിന് നികുതി കൂടുതലാണ്. എന്നാൽ പാതി നിർമാതാവ് എന്ന നിലയിൽ പണം വാങ്ങുമ്പോൾ നികുതി താരതമ്യേന കുറവാണ്. മൂന്ന് സിനിമകളിലായി 40 കോടിയോളം രൂപ പൃഥ്വിരാജിന് ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടാണ് വിശദീകരണം തേടിയത്.

വിശദീകരണം ചോദിച്ചിരിക്കുന്ന മൂന്ന് സിനിമകളും 2022 ൽ പുറത്തിറങ്ങിയവയാണ്. ഈ ചിത്രങ്ങളിലെ വരുമാനവുമായി ബന്ധപ്പെട്ട് മുമ്പും വിശദീകരണം തേടിയിട്ടുണ്ടെന്നാണ് ഐ.ടി. വകുപ്പിൽ നിന്നുള്ള വിശദീകരണം. മാർച്ചിൽ ഒരു സാമ്പത്തിക വർഷം അവസാനിക്കുന്നതിന്റെ ഭാഗമായാണ് വീണ്ടും ഇക്കാര്യത്തിൽ വിശദീകരണം തേടിയതെന്നാണ് വകുപ്പ് വ്യക്തമാക്കുന്നത്. ഇ-മെയിൽ വഴിയാണ് നോട്ടീസ് അയച്ചത്. നേരിട്ടോ അല്ലാതെയോ മറുപടി നൽകാനാണ് നിർദേശം.

പൃഥ്വിരാജ് സുകുമാരൻ സംവിധാനം ചെയ്ത എമ്പുരാൻ വിവാദങ്ങൾക്ക് പിന്നാലെയാണ് നടന് ആദായ നികുതി വകുപ്പിന്റെ നോട്ടീസ് അയച്ചിരിക്കുന്നത്. എമ്പുരാൻ ചിത്രത്തിന്റെ വിതരണക്കാരായ ഗോകുലം മൂവീസ് ഉടമ ഗോകുലം ഗോപാലന്റെ സ്ഥാപനങ്ങളിൽ ഇഡി റെയ്ഡ് നടക്കുന്ന പശ്ചാത്തലത്തിൽ തന്നെയാണ് ചിത്രത്തിന്റെ സംവിധായകനായ പൃഥ്വിരാജിനെതിരെയുള്ള നീക്കവുമെന്നത് ശ്രദ്ധേയമാണ്.

## മാതാവിനെ വെട്ടിപരിക്കേൽപ്പിച്ച മകന് 4 വർഷം കഠിന തടവും പിഴയും ശിക്ഷ

തൃശൂർ: കുടുംബവഴക്കിനെത്തുടർന്ന് മാതാവിനെ വെട്ടിപ്പരിക്കേല്പിച്ച കേസിൽ പൈങ്കുളം വില്ലേജിൽ കിഴക്കേചോലയിൽ അജീത്ത് (34) എന്നവരെ വിവിധ വകുപ്പുകളിലായി 4 വർഷം തടവിനും 25,000/ രൂപ പിഴയടക്കുന്നതിനും തൃശ്ശൂർ പ്രിൻസിപ്പൽ അസിസ്റ്റന്റ് സെഷൻസ് ജഡ്ജ് എസ്. തേജോമയി തമ്പുരാട്ടി ശിക്ഷ വിധിച്ചു. പിഴയടക്കാത്തപക്ഷം ഒരു മാസം അധികത്തടവ് വർഷം അനുഭവിക്കേണ്ടി വരും.

2019 ഏപ്രിൽ 10 ന് രാത്രി 7 മണിക്കാണ് കേസിനാസ്പദമായ സംഭവം നടന്നത്. വീട് പണിക്കു വേണ്ടി കൊടുത്ത പണം വീട്ടുകാരിൽ നിന്നും തിരിച്ചു കിട്ടിയില്ല എന്ന് പറഞ്ഞ് വെട്ടുകത്തിയുമായി പ്രതി മാതാവും, പിതാവും താമസിക്കുന്ന കുടുംബ വീട്ടിലേക്ക് അതിക്രമിച്ചു കയറുകയും വീടിനുള്ളിലെ ഫർണീച്ചറുകൾ കേടുപാടുകൾ വരുത്തുകയുമായിരുന്നു. തടയാൻ വന്ന മാതാവിന്റെ കഴുത്തിനു നേരെ വാൾ വിശിയപ്പോൾ തടയാൻ ശ്രമിച്ച മാതാവിന്റെ കൈപ്പത്തിക്ക് പരിക്കേൽക്കുകയായിരുന്നു. തുടർന്ന് മാതാവിനെ വടക്കാഞ്ചേരി സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിക്കുക യായിരുന്നു.

തുടർന്ന് ചെറുതുരുത്തി പോലീസ് സബ് ഇൻസ്പെക്ടർ വി.പി. സിബീഷ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുകയായിരുന്നു. കേസിൽ പ്രോസിക്യൂഷൻ ഭാഗത്തു നിന്ന് തൊണ്ടിമുതലും 11 രേഖകളും ഹാജരാക്കുകയും 8 സാക്ഷികളെ വിസ്തരിക്കുകയും ചെയ്തു.

മാതാവിനെ ആക്രമിച്ച് പരിക്കേല്പിച്ച കേസിലെ പ്രതിക്ക് നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ നൽകണമെന്ന പ്രോസിക്യൂഷൻ വാദം പരിഗണിച്ചാണ് കോടതി ശിക്ഷ വിധിച്ചത്.

പ്രോസിക്യൂഷനുവേണ്ടി അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ലാജു ലാസർ എം അഡ്വ. പ്രവീണ എ.പി.എന്നിവർ ഹാജരായി.

## സംരക്ഷിത സ്മാരകങ്ങളായ മുസ്ലിംപള്ളികൾക്ക് ആരാധനാലയ സംരക്ഷണനിയമം ബാധകമോ? പരിശോധിക്കാൻ സുപ്രീം കോടതി



ന്യൂഡൽഹി: പുരാവസ്തുവകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളായ മുസ്ലിം പള്ളികൾക്ക് 1991 ലെ ആരാധനാലയ സംരക്ഷണ നിയമം ബാധകമാണോ എന്ന കാര്യം പരിശോധിക്കുമെന്ന് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ സുപ്രീം കോടതി ബെഞ്ചാണ് ഇക്കാര്യം വ്യക്തമാക്കിയത്.

മഥുര കൃഷ്ണ ജന്മഭൂമി-ഈദ് ഗാഹ് മസ്ജിദ് കേസ് പരിഗണിക്കുന്നതിനിടെയാണ് സുപ്രീം കോടതി ഇക്കാര്യം വ്യക്തമാക്കിയത്. 1920-ൽ പുറത്തിറക്കിയ വിജ്ഞാപനം പ്രകാരം മഥുരയിലെ ഷാഹി ഈദ് ഗാഹ് മസ്ജിദ് സംരക്ഷിത സ്മാരകം ആണെന്ന് ഹിന്ദു വിഭാഗത്തിന് വേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയിൽ വാദിച്ചു. അതിനാൽ 1991 ലെ ആരാധനാലയ സംരക്ഷണ നിയമം ഈദ് ഗാഹ് മസ്ജിദിന് ബാധകമാകില്ലെന്ന് വിധിക്കണമെന്നായിരുന്നു ആവശ്യം.

എന്നാൽ വിഷയത്തിൽ വിശദമായ വാദം കേൾക്കൽ ആവശ്യമാണെന്ന് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന വ്യക്തമാക്കി. ആരാധനാലയ സംരക്ഷണ നിയമം ചോദ്യം ചെയ്തുള്ള മറ്റ് ഹർജികൾക്കൊപ്പം ഈ വിഷയം പരിഗണിക്കാമെന്നും സുപ്രീം കോടതി അറിയിച്ചു. വിഷയത്തിൽ സുപ്രീം കോടതി എടുക്കുന്ന നിലപാട് പുരാവസ്തുവകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളായ മറ്റ് മുസ്ലിം പള്ളികൾക്ക് നിർണായകമാണ്.

## ഗർഭഛിദ്രം നടത്താൻ സുകാന്ത് വ്യാജരേഖകളുണ്ടാക്കി; യുവതിയുടെ ബാഗിൽനിന്ന് ക്ഷണക്കത്ത് കണ്ടെത്തി



തിരു: ആത്മഹത്യ ചെയ്ത ഐബി ഉദ്യോഗസ്ഥയെ സുഹൃത്ത് സുകാന്ത് സുരേഷ് ഗർഭഛിദ്രത്തിനായി ആശുപത്രിയിലെത്തിച്ചത് വ്യാജ രേഖകൾ തയ്യാറാക്കിയെന്ന് കണ്ടെത്തൽ. ഇരുവരും വിവാഹിതരാണെന്ന് തെളിയിക്കുന്ന രേഖകളാണ് സുകാന്ത് വ്യാജമായി ഉണ്ടാക്കിയത്. വ്യാജ ക്ഷണക്കത്ത് ഉൾപ്പെടെയുള്ള രേഖകൾ പോലീസ് ഐബി ഉദ്യോഗസ്ഥയുടെ ബാഗിൽനിന്ന് കണ്ടെടുത്തു. കഴിഞ്ഞ ജൂലൈയിൽ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലാണ് ഗർഭഛിദ്രം നടത്തിയതെന്ന് തെളിയിക്കുന്ന ചികിത്സാരേഖകളും ലഭിച്ചു.

ഇതിനുശേഷമാണ് സുകാന്ത് വിവാഹത്തിൽനിന്ന് പിന്മാറിയത്. വിവാഹത്തിന് താത്പര്യമില്ലെന്ന് വ്യക്തമാക്കുന്ന സന്ദേശം യുവതിയുടെ അമ്മയ്ക്ക് സുകാന്ത് അയയ്ക്കുകയും ചെയ്തു. യുവതിയുടെ മരണത്തിന് ഏതാനും ദിസം മുമ്പാണ് മെസ്സേജ് അയച്ചത്. ഇതേച്ചൊല്ലി യുവതിയും സുകാന്തും തമ്മിൽ തർക്കമുണ്ടായി. ഇതെല്ലാമാണ് യുവതിയുടെ മരണത്തിലേക്ക് നയിച്ചതെന്നാണ് പോലീസിന്റെ അനുമാനം.

ഐബി ഉദ്യോഗസ്ഥയുടെ മരണത്തിൽ കഴിഞ്ഞ ദിവസമാണ് സുകാന്തിനെ പോലീസ് പ്രതി ചേർത്തത്. ബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ വകുപ്പുകളും ചുമത്തിയിട്ടുണ്ട്. നിലവിൽ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ സുകാന്തിന്റെ മുൻകൂർ ജാമ്യത്തെ എതിർക്കാനായി പോലീസ് കോടതിയിൽ അറിയിക്കും.

അതേസമയം ഒളിവിൽ കഴിയുന്ന സുകാന്ത് ഐബി ഉദ്യോഗസ്ഥയുടെ മരണത്തിൽ വീട്ടുകാരെ കുറ്റപ്പെടുത്തിയാണ് മുൻകൂർ ജാമ്യാപേക്ഷ നൽകിയത്. തങ്ങൾ വിവാഹം കഴിച്ച് ഒരുമിച്ച് ജീവിക്കാൻ ആഗ്രഹിച്ചിരുന്നുവെന്നും ഇരുവീട്ടുകാരും വിവാഹത്തെ കുറിച്ച് സംസാരിച്ചിരുന്നുവെന്നും ജാമ്യഹർജിയിൽ സുകാന്ത് പറയുന്നു. എന്നാൽ ഒരു ജ്യോതിഷിയെ കണ്ടശേഷം യുവതിയുടെ വീട്ടുകാർ താനുമായുള്ള ബന്ധം എതിർത്തു. ഇതിൽ യുവതി നിരാശയിലായിരുന്നു. തന്റെ മൊബൈൽ നമ്പർപോലും ബ്ലോക്ക് ചെയ്യാൻ പറഞ്ഞു. എന്നാൽ തനിക്കൊപ്പം നിൽക്കാനാണ് യുവതി തീരുമാനിച്ചതെന്നും വീടെടുത്ത് ഒരുമിച്ച് ജീവിക്കാൻ തുടങ്ങിയെന്നും സുകാന്ത് ഹർജിയിൽ പറയുന്നു. വീട്ടുകാർ മറ്റൊരു വിവാഹത്തിന് നിർബന്ധിക്കുന്നതിനാൽ യുവതി സമ്മർദ്ദത്തിലായിരുന്നുവെന്നും യുവതി ആത്മഹത്യ ചെയ്തതാണെങ്കിൽ അതിന് പിന്നിൽ മാതാപിതാക്കളാണെന്നും സുകാന്ത് ആരോപിക്കുന്നു. എന്നാൽ ഈ വാദങ്ങൾ യുവതിയുടെ കുടുംബം തള്ളിയിരുന്നു.

## മുഖ്യമന്ത്രി പിണറായി വിജയനെ ഒററപ്പെടുത്തി ആക്രമിക്കാൻ അനുവദിക്കില്ല: ബിനോയ് വിശ്വം



തൃശൂർ: ഇടതുപക്ഷത്തെ ശക്തി പ്പെടുത്തണമെന്ന് സി പി ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പ്രസ്താവിച്ചു. മുഖ്യമന്ത്രി പിണറായി വിജയനെ ഒറ്റപ്പെടുത്താൻ വലതുപക്ഷം നടത്തുന്ന നീക്കത്തെ ചെറുത്തു തോല്പിക്കണമെന്നും ബിനോയ് വിശ്വം പറഞ്ഞു. മാർച്ച് 23 മുതൽ ഏപ്രിൽ 14 വരെ നടത്തുന്ന സി പി ഐ ദേശീയ ക്യാമ്പൈന്റെ ഭാഗമായി സംസ്ഥാന പ്രവർത്തക കൺവെൻഷനും പ്രഥമ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരമേറ്റതിന്റെ 68-ാം വാർഷികാഘോഷവും കൗസ്തുഭം ഓഡിറ്റോറയത്തിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രമുഖ സി പി ഐ നേതാക്കൾ പങ്കെടുക്കുന്നുണ്ട്.

# സെലെൻസ്കിയുടെ ജന്മനാട്ടിൽ റഷ്യൻ മിസൈൽ ആക്രമണം: 18 മരണം

കീവ്: യുക്രെയിൻ പ്രസിഡന്റ് വൊളൊഡിമിർ സെലെൻസ്കിയുടെ ജന്മനഗരമായ ക്രൈവി റിഹിൽ റഷ്യ നടത്തിയ മിസൈൽ ആക്രമണത്തിൽ 18 പേർ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തെന്ന് റിപ്പോർട്ട്. മരിച്ചവരിൽ ഒൻപതുപേരും കുട്ടികളാണ്. ജനവാസ മേഖലയിലാണ് മിസൈൽ പതിച്ചത്. ഇവിടത്തെ ഗ്രൗണ്ടിൽ കളിച്ചു കൊണ്ടിരുന്ന കുട്ടികളാണ് മരിച്ചത്. മിസൈൽ പതിച്ച് പത്തു നിലകളിലുള്ള ഫ്ളാറ്റിന്റെ ഒരു ഭാഗം പൂർണമായി തകർന്നു.

സമീപത്തെ ഒരു റസ്റ്റോറന്റിൽ നടന്നിരുന്ന സൈനിക ഉദ്യോഗസ്ഥരുടെയും പരിശീലകരുടെയും യോഗത്തെ ലക്ഷ്യംവച്ചാണ് മിസൈൽ ആക്രമണമുണ്ടായതെന്നാണ് റിപ്പോർട്ട്. റസ്റ്റോറന്റിനെ ലക്ഷ്യം വച്ചായിരുന്നു ആക്രമണമെന്ന് റഷ്യൻ അധികൃതരും സ്ഥിരീകരിച്ചിട്ടുണ്ട്.നിരവധിപേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. അതിനാൽ മരണസംഖ്യ ഇനിയും ഉയർന്നേക്കും. സ്ഫോടനത്തെ തുടർന്ന് നാലിലധികം സ്ഥലങ്ങളിൽ തീ പിടിക്കുകയും ചെയ്തു.

റഷ്യൻ അധിനിവേശം ആരംഭിച്ചതിനുശേഷം നടക്കുന്ന ഏറ്റവുംവലിയ ആക്രമണങ്ങളിൽ ഒന്നായിരുന്നു കഴിഞ്ഞദിവസത്തെ ആക്രമണം എന്നാണ് യുക്രെയിൻ അധികൃതർ പറയുന്നത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വെടിനിറുത്തൽ നടപ്പാക്കാൻ പരമാവധി ശ്രമിക്കുമ്പോൾ റഷ്യ ഇത്തരത്തിലൊരു ആക്രമണം നടത്തുന്നത് അവർ വെടിനിറുത്തൽ ആഗ്രഹിക്കുന്നില്ല എന്നതിന് തെളിവാണെന്നും യുക്രെയിൻ പറഞ്ഞു.

യുക്രെയിനിലെ റഷ്യൻ അധിനിവേശം ആരംഭിച്ചിട്ട് മൂന്നു വർഷം കഴിഞ്ഞു. അമേരിക്കൻ പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് അധികാരമേറ്റതോടെ യുക്രെയിൻ വിഷയം മറ്റൊരു തലത്തിലേക്ക് നീങ്ങിയിരിക്കുകയാണ്. അധികാരമേറ്റ ഒന്നാം നാൾ യുദ്ധം അവസാനിപ്പിക്കുമെന്ന് ട്രംപ് മുമ്പ് പറഞ്ഞിരുന്നെങ്കിലും നടന്നില്ല. എന്നാൽ, യു.എസ് സ്വന്തം നിലയ്ക്ക് യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾ തുടങ്ങി. അടുത്തിടെ യു.എസ്-റഷ്യ വിദേശകാര്യ മന്ത്രിതല ചർച്ച സൗദി അറേബ്യയിൽ നടക്കുകയും ചെയ്തു. എന്നാൽ ചർച്ചയിൽ നിന്ന് മാറ്റിനിറുത്തിയതിൽ യൂറോപ്യൻ രാജ്യങ്ങളും യുക്രെയിനും ശക്തമായ പ്രതിഷേധം അറിയിച്ചിരുന്നു. യു.എസിന്റെ ഇടപെടലുകൾ യുദ്ധം അവസാനിപ്പിക്കുമോ എന്ന ആകാംക്ഷയിലാണ് ലോകം.

ചെറുത്തുനിൽക്കാൻ യുക്രെയിന് പിന്തുണ നൽകിയത് യൂറോപ്പും യു.എസുമാണ്. ബൈഡൻ സർക്കാരിന്റെ കാലത്ത് യു.എസ് യുക്രെയിന് സാമ്പത്തിക, സൈനിക സഹായം ധാരാളം നൽകി. എന്നാൽ ട്രംപ് വന്നതോടെ സ്ഥിതി മാറി. യു.എസിന്റെ സഹായത്തിന് പകരമായി യുക്രെയിനിലെ അപൂർവ്വ ധാതു ശേഖരത്തിലാണ് ട്രംപിന്റെ കണ്ണ്.

യു.എസിന്റെ സാമ്പത്തിക സഹായത്തിനുള്ള പ്രതിഫലമായി യുക്രെയിനിലെ 500 ബില്യൺ ഡോളറിന് തുല്യമായ അപൂർവ്വ ധാതു ശേഖരം യു.എസിന് നൽകാനുള്ള കരാർ യുക്രെയിൻ അംഗീകരിക്കണമെന്നാണ് ട്രംപിന്റെ ആവശ്യം. യുക്രെയിൻ പ്രസിഡന്റ് വൊളൊഡിമിർ സെലെൻസ്കി കരാറിനെ എതിർത്തത് ട്രംപിനെ ചൊടിപ്പിച്ചു. സമ്മർദ്ദം ചെലുത്തി കരാർ നേടാനുള്ള ശ്രമത്തിലാണ് യു.എസ്.

## ലഹരി ഉപയോഗം, എംഡിഎംഎയുമായി പിടിയിൽ

കണ്ണൂർ: പറശിനിക്കടവിന് സമീപത്തുള്ള ലോഡ്ജിൽ മുറിയെടുത്ത് ദിവസങ്ങളോളം ലഹരി ഉപയോഗിച്ചിരുന്ന രണ്ട് യുവാക്കളെയും രണ്ട് യുവതികളെയും എക്സൈസ് പിടികൂടി. മട്ടന്നൂർ മരുതായി സ്വദേശി മുഹമ്മദ് ഷംനാദ് (23), വളപട്ടണം സ്വദേശി മുഹമ്മദ് ജംഷിൽ (37), ഇരിക്കൂർ സ്വദേശി റഫീന (24), കണ്ണൂർ സ്വദേശി ജസീന (22) എന്നിവരാണ് പിടിയിലായത്. 490 മില്ലിഗ്രാം എംഡിഎംഎയും ടെസ്റ്റ് ട്യൂബുകളും സിറിഞ്ചുകളും പിടികൂടി.സുഹൃത്തിന്റെ വീട്ടിൽ താമസിക്കുകയാണെന്നാണ് യുവതികൾ മാതാപിതാക്കളോട് പറഞ്ഞത്. പല സ്ഥലങ്ങളിലായി മുറി എടുത്ത് ദിവസങ്ങളോളം തുടർച്ചയായി ലഹരി ഉപയോഗിച്ചുവരികയായിരുന്നു ഇവർ. വീട്ടിൽ നിന്ന് വിളിക്കുമ്പോൾ പരസ്പരം ഫോൺ കൈമാറി കബളിപ്പിക്കും. എക്സൈസ് ഉദ്യോഗസ്ഥർ വീട്ടിലേക്ക് വിളിച്ചപ്പോഴാണ് ഇവർ ലോഡ്ജിലാണെന്ന് വീട്ടുകാർക്ക് മനസിലായത്.

## വിവാഹനിശ്ചയം കഴിഞ്ഞ് ചികിത്സയിലുള്ള സുഹൃത്തിനെ കാണാൻ പോയ യുവാവ് ബൈക്കപകടത്തിൽ മരിച്ചു



പന്തളം: വിവാഹ നിശ്ചയത്തിനുശേഷം സുഹൃത്തിനെ ആശുപത്രിയിൽ കാണാൻപോയ യുവാവ് ബൈക്ക് മറിഞ്ഞ് മരിച്ചു. മുത്തൂറ്റ് മൈക്രോ ഫിനാൻസ് ചെങ്ങന്നൂർ ശാഖയിലെ ജീവനക്കാരൻ കുളനട ഞെട്ടൂർ സുമി മൻസിലിൽ സുബീക്ക്(24)ആണ് മരിച്ചത്. താജുദ്ദീന്റെയും സഹീറയുടെയും മകനാണ്.

ബൈക്കിൽ അജ്ഞാത വാഹനം ഇടിച്ചാണ് അപകടമുണ്ടാതെന്നും സംശയിക്കുന്നു. ബന്ധുക്കളുടെ പരാതിയിൽ പോലീസ് അന്വേഷണം തുടങ്ങി. വെള്ളിയാഴ്ച പുലർച്ചെ രണ്ടരയോടെ എം.സി.റോഡിൽ മാന്തുക രണ്ടാംപുഞ്ചയ്ക്ക് സമീപമാണ് അപകടം.

വ്യാഴാഴ്ച ഉച്ചയ്ക്കായിരുന്നു സുബീക്കിന്റെ വിവാഹ നിശ്ചയം. വൈകീട്ട് പരുമലയിലെ സ്വകാര്യ ആശുപത്രിയിൽ, രോഗിയായ സുഹൃത്തിനെ സന്ദർശിച്ചശേഷം വീട്ടിലേക്ക് മടങ്ങുകയായിരുന്നു. വെള്ളിയാഴ്ച രാവിലെ ഏഴരയോടെ റോഡരികിലുള്ള ഓടയിൽ മരിച്ച നിലയിലാണ് സുബീക്കിനെ കണ്ടെത്തിയത്. അടുത്തുതന്നെ ബൈക്കും കിടക്കുന്നുണ്ടായിരുന്നു.

പ്രഭാത സവാരിക്ക് പോയവരാണ് വിവരം അറിയിക്കുന്നത്. രാത്രി വൈകി സുബീക്ക് വീട്ടിലേക്ക് വിളിച്ചിരുന്നതായും വാഹനം ഇടിച്ച് ഓടയിലേക്ക് തെറിച്ചുവീണതാകാമെന്ന് സംശയിക്കുന്നതായും ബന്ധുക്കൾ പറഞ്ഞു. സഹോദരി: സുമി. കബറടക്കം നടത്തി.


### കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 2650/2022

ഗുരുസ്വാമി

– ഹരജിക്കാരൻ

റഷീദ് എ, S/o. ഹമീദ് എ., 44 വയസ്, അലി ഹൗസ്, തിരുവത്ര, തൃശൂർ-680516

-2-ാം എതൃകക്ഷി

മേൽ നമ്പറിലെ ഉത്തരവുപ്രകാരം 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന പത്രത്തിലും വാസസ്ഥലത്തും കോടതി നോട്ടീസ് ബോർഡിലും പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 12-05-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 10-3-2025

ഹരജിഭാഗം അഡ്വക്കേറ്റ്

കെ ബി ഹരിദാസ്

(ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 2329/2022

പ്രിൻസ്

– ഹരജിക്കാരൻ

മോഹൻ കെ വി, 53 വയസ് S/o. വേലായുധൻ, കരിപ്പായിൽ ഹൗസ്, പി ഒ നന്തിക്കര, തൃശൂർ-680301

-2-ാം എതൃകക്ഷി

മേൽ നമ്പറിലെ ഉത്തരവുപ്രകാരം 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കല്പന പത്രത്തിലും വാസസ്ഥലത്തും കോടതി നോട്ടീസ് ബോർഡിലും പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 13-05-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 05-04-2025

ഹരജിഭാഗം അഡ്വക്കേറ്റ്

ഐ ആർ അരവിന്ദാക്ഷൻ

(ഒപ്പ്)



### രണ്ടാം ചരമവാർഷികം (05 – 04 – 2025)



**ദേവകി ടി ആർ**

W/o. കെ കെ വിജയൻ (Climax Tailoring)

കുറ്റിക്കാട്ടുപറമ്പിൽ, നായ്ക്കനാൽ, തൃശൂർ

മക്കൾ : ബിന്ദു കെ വി, ബിജു കെ വി, ധനയൻ കെ വി

മരുമക്കൾ: ഡോ. ശ്യാംമോഹൻ, സീന ബിജു, സിനി ധനയൻ

കൊച്ചുമക്കൾ: അർജുൻ, സെനോറ അർജുൻ, അനശ്വര, അക്ഷയ്, അദ്വൈത്, മഹേശ്വർ, മയൂഖ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## തൃശ്ശൂർ പൂരം തിരുവമ്പാടിയുടെ ബ്രോഷർ പ്രകാശനം ചെയ്തു



തൃശ്ശൂർ: പൂരം 2025 തിരുവമ്പാടി പ്രകാശനം, തിരുവമ്പാടി പ്രസിഡന്റ് ഡോ. സുന്ദർ മേനോൻ തൃശ്ശൂർ എം എൽഎ ബാലചന്ദ്രന് നൽകി ക്ഷേത്രസന്നിധിയിൽ നടന്ന ചടങ്ങിൽ പ്രകാശന കർമ്മം നിർവഹിച്ചു. തിരുവമ്പാടി സെക്രട്ടറി കെ ഗിരീഷ് കുമാർ, ജോ.സെക്രട്ടറി പി ശശിധരൻ, മറ്റു ഭരണസമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു

## ഹരിത ഗ്രന്ഥാലയം

തൃശൂർ: വിയ്യൂർ ഗ്രാമീണ വായനശാല (രജി.നമ്പർ 1201) യിലെ ഹരിത ഗ്രന്ഥാലയം ഉദ്ഘാടനം തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ രന്യ ബൈജു നിർവഹിച്ചു.

പ്രസിഡന്റ് സന്തോഷ് കെ. എഫ്. അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി പി. ഉദയകുമാർ, വൈസ് പ്രസിഡന്റ് വി.ഡി. ജോൺസൺ, നിർവാഹക സമിതി അംഗം രാഖി പി. ആർ എന്നിവർ പ്രസംഗിച്ചു.

## രാപകൽ സമരം ആരംഭിച്ചു



ഇരിങ്ങാലക്കുട: പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ച് വികസന മുരടിപ്പ് സൃഷ്ടിക്കുന്നതിനെതിരെയും അങ്കണവാടി, ആശാപ്രവർത്തകർ എന്നിവരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചും യുഡിഎഫ് നടത്തുന്ന രാപകൽ സമരം ആരംഭിച്ചു.

പുല്ലൂരിൽ കേരള കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ് ഉദ്ഘാടനം ചെയ്തു. മണ്ഡലം ചെയർമാൻ സാജു പാറേക്കാടൻ അധ്യക്ഷത വഹിച്ചു.

ഡിസിസി സെക്രട്ടറി കെ.കെ.ശോഭനൻ, സി എം പി ഏരിയ സെക്രട്ടറി പി.ബി. മനോജ്, കോൺഗ്രസ് ബ്ലോക്ക് ഭാരവാഹികളായ തോമസ് തത്തംപിള്ളി, ഗംഗാദേവി സുനിൽ, ശ്രീജിത്ത് പട്ടത്ത്, എം. എൻ.രമേശ്, ജോമി ജോൺ, ലിജോ മഞ്ഞളി, വിബിൻ വെള്ളയത്ത്, മഹിളാ കോൺഗ്രസ് ബ്ലോക് പ്രസിഡന്റ് മോളി ജേക്കബ്, മണ്ഡലം പ്രസിഡന്റ് തുഷം സൈമൺ, യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം സെക്രട്ടറി എബിൻ ജോൺ, കേരള കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് എൻ.ഡി. പോൾ, പഞ്ചായത്തംഗങ്ങളായ സേവിയർ ആളൂക്കാരൻ, കെ.വൃന്ദകുമാരി, നിത അർജുനൻ എന്നിവർ പ്രസംഗിച്ചു.

## ഹാൻവീവ് വിഷു റിബേറ്റ്

വിഷു പ്രമാണിച്ച് തൃശൂർ പഴയ നടക്കാവിലുള്ള ഹാൻവീവ് ഷോറൂമിൽ കൈത്തറി തുണിത്തരങ്ങൾ ഇരുപത് ശതമാനം കിഴിവിൽ സർക്കാർ റിബേറ്റിലൂടെ ഏപ്രിൽ അഞ്ച് മുതൽ പതിമൂന്ന് വരെ ലഭിക്കും.

സ്കൂളുകൾ, സർക്കാർ- പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് തുണിത്തരങ്ങൾ തവണ വ്യവസ്ഥയിൽ വാങ്ങാനാകും. ഫോൺ- 9446266614

## ചിറ്റണ്ടയിൽ ഗ്രാമോത്സവമായ് കളിയാട്ടം

തൃശൂർ: ചിററണ്ട ഗജ നാചറൽ പാർക്കിലെ പുതിയകാവ് കേന്ദ്രീകരിച്ചു നടന്ന കളിയാട്ടം ഗ്രാമോത്സവമായി മാറി. എലിഫന്റ് വെൽഫെയർ ട്രസ്റ്റ് (തൃശൂർ) ചെയർമാനും, എൻ ഐ.ടി സി - എം.എഫ്.ടി. സി. തുടങ്ങിയ സേവന സ്ഥാപനങ്ങളുടെ മുഖ്യ രക്ഷാധികാരി കെ.പി. മനോജ് കുമാറിന്റെ നേതൃത്വത്തിലായിരുന്നു കളിയാട്ട സംഘാടനം. പരിപാടികളിൽ വൻ ജനാവലി പകെടുത്തു. മഹാ അന്നദാനവും ഗഭീരമായി. അനീഷ് പെരുമലയന്റെ മുഖ്യ കാർമ്മികത്വത്തിലായിരുന്നു കളിയാട്ടം അവതരണം. വടക്കൻ കേരളത്തിലെ ദൈവിക - അനുഷ്ഠാന ചടങ്ങും കലാരൂപവും ആയിരുന്നു ചിറ്റണ്ടയിൽ അവതരിപ്പിച്ച കളിയാട്ടം.

പ്രാരംഭമായി സാംസ്കാരിക സംഗമം നടന്നു. സാമൂഹ്യ -സാംസ്കാരിക - ചലച്ചിത്ര രംഗത്തെ പ്രമുഖർ പങ്കെടുത്തു. സൗഹാർ ദ്ധവും, വിവേചനത്തിന്റെ ദുരാചാരങ്ങൾ ഇല്ലാതാക്കലുമാണ് കാലത്തിന്റെ ആവശ്യമെന്ന് , സംഗമം ചൂണ്ടികാട്ടി. ചിറ്റ ണ്ട നാച്ചറൽ പാർക്ക് കേന്ദ്രീകരിച്ച് വിപുല ടുറിസം പദ്ധതി നടപ്പാക്കുമെന്നും ട്രസ്റ്റ് ചെയർമാൻ മനോജ് കുമാർ പ്രസ്താവിച്ചു. മുപ്പത് ഏക്കർ സ്ഥലത്ത് വനാന്തരീക്ഷത്തിൽ ജൈവിക ആവാസ വ്യവസ്ഥകളോടെയുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്.അഞ്ച് നിലയിൽ അത്യാധുനിക ഹോട്ടൽ സമുച്ചയം ആദ്യ ഘട്ടമായി തുടങ്ങും.

## നിര്യാതയായി

### നസീമ



തൃശൂർ: കിഴക്കുംപാട്ടുകര, കോസ്മോലൈൻ താമസം സയ്യദ് അൻവർ ഭാര്യ നസീമ (67) നിര്യാതയായി. ജനാസ അസർ നമസ്കാര ശേഷം കാളത്തോട് ഖബർസ്ഥാനിൽ. മക്കൾ - നസ്റീൻ, അഫ്രീൻ മരുമക്കൾ- ഷാഹിൻ (ഖത്തർ), റിസ്വാൻ (ദുബായ്)

## ലേലം

തൃശൂർ: കേരള ഉപഭോക്തൃ തർക്കപരിഹാര ഫോറം കുടിശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത ഒല്ലൂക്കര വില്ലേജിലെ സർവെ നമ്പർ 101/1 ലെ 13.63 ആർ ഭൂമിയും അതിലെ സകല വസ്തുക്കളും ഏപ്രിൽ ഏഴിന് രാവിലെ 11ന് ഒല്ലൂക്കര വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം ചെയ്ത് വിൽക്കുമെന്ന് തഹസിൽദാർ അറിയിച്ചു. ലേല നിബന്ധനകൾക്കും കൂടുതൽ വിവരങ്ങൾക്കും ഒല്ലൂക്കര വില്ലേജ് ഓഫീസുമായോ തൃശ്ശൂർ ആർ.ആർ തഹസിൽദാരുടെ കാര്യാലയവുമായോ ബന്ധപ്പെടേണ്ടതാണ്. ഫോൺ: 0487 2333090, 8547614412 (ഒല്ലൂക്കര വില്ലേജ് ഓഫീസർ )

## രാപ്പകൽ സമരം അഡ്വ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു

ഇരിങ്ങാലക്കുട: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ച് വികസന മുരടിപ്പ് സൃഷ്ടിക്കുന്ന പിണറായി സർക്കാരിനെതിരെ യുഡിഎഫ് ഇരിങ്ങാലക്കുട മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ 2025 ഏപ്രിൽ 4,5 തീയതികളിലായി ഇരിഞ്ഞാലക്കുട ആൽത്തറ പരിസരത്ത് നടന്ന രാപ്പകൽ സമരം അഡ്വ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്തു.

മണ്ഡലം കമ്മറ്റി പ്രസിഡണ്ട് സി. എസ്. അബ്ദുൾ ഹഖ് അധ്യക്ഷത വഹിച്ചു. മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് മുഖ്യ പ്രഭാഷണം നടത്തി. ഡി.സി. സി. ജനറൽ സെക്രട്ടറി സതീഷ് വിമലൻ, ടി.വി. ചാർളി, പി.ടി. ജോർജ്, സിജു യോഹന്നാൻ, കെ.വേണുഗോപാൽ, റോക്കി ആളൂക്കാരൻ, സുജ സഞ്ജീവ് കുമാർ, സേതുമാധവൻ, എ.സി. സുരേഷ, ജസ്റ്റിൻ ജോൺ, കെ.എം. സന്തോഷ് , വിജയൻ എളേടത്ത്, ഫെനി എബിൻ വെള്ളാനിക്കാരൻ, മിനി സണ്ണി മാമ്പിള്ളി, മിനി ജോസ് കാട്ട്ള, ഭരതൻ പൊന്തേ ക്കണ്ടത്തിൽ, ജോസ് മാമ്പിള്ളി, കെ.കെ. ചന്ദ്രൻ, ജോമോൻ മണ്ണാത്ത് എന്നിവർ പ്രസംഗിച്ചു.



പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ച് വികസന മുരടിപ്പ് സൃഷ്ടിക്കുന്നതിനെതിരെയും അങ്കണവാടി, ആശാ പ്രവർത്തകർ എന്നിവരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചും ഇരിങ്ങാലക്കുട ടൗൺമണ്ഡലം കമ്മിറ്റിയുടെ രാപകൽ സമരം യു ഡി എഫ് ചെയർമാൻ തോമസ് ഉണ്ണിയാടൻ ഉദ്ഘാടനം ചെയ്യുന്നു.

## കേരള ലോട്ടറി ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചു

തൃശ്ശൂർ : കേരള ഭാഗ്യക്കുറി വകുപ്പ് മൂന്ന് ലോട്ടറി ടിക്കറ്റുകളുടെ നിരക്ക് വർധിപ്പിച്ചു കൊണ്ട് ഉത്തരവിറക്കി.

കാരുണ്യ, കാരുണ്യ പ്ലസ്, സ്ത്രീ ശക്തി ലോട്ടറികളുടെ നിരക്ക് 50 രൂപയാക്കി. സമ്മാനഘടനയിലും മാറ്റം വരുത്തിയിട്ടുണ്ട്. ഒന്നാം സമ്മാനം ഒരു കോടി രൂപയാക്കി വർദ്ധിപ്പിച്ചു.

## ജബൽപൂർ ആക്രമണം; പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കേണ്ട ഉത്തരവാദിത്വം സുരേഷ് ഗോപി എം പിക്ക്: അഡ്വ ജോസഫ് ടാജറ്റ്

തൃശ്ശൂർ: സ്വദേശിയായ ഫാ ഡേവിസ് ജോർജിനെ ജബൽപൂരിൽ ആക്രമിച്ച സംഭവത്തിൽ പോലീസ് കേസ് എടുത്തുവെന്ന് വാർത്തകൾ വരുന്നുണ്ടെങ്കിലും പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കേണ്ട ഉത്തരവാദിത്വം സ്ഥലം എം പി യും കേന്ദ്ര സഹ മന്ത്രിയുമായ സുരേഷ് ഗോപിക്ക് ഉണ്ടെന്ന് ഡി സി സി പ്രസിഡണ്ടും ജില്ലാ പഞ്ചായത്ത്പ്രതിപക്ഷ നേതാവുമായ അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു.



ജനപ്രതിനിധിയെന്ന നിലയിൽ സുരേഷ്ഗോപിയുടെ പ്രതികരണം വേദനാ ജനകമാണ്. സഭയിൽ ന്യൂനപക്ഷ സംരക്ഷരായി സംസാരിക്കുന്ന എംപി പുറത്ത് ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നത് കണ്ടില്ലെന്ന് നടി ക്കുകയാണ്. ആക്രമിക്കപ്പെട്ടത് സ്വന്തം മണ്ഡലത്തിലെ കുടുംബക്കാരനായ വൈദികനായതുകൊണ്ട് അദ്ദേഹത്തിന്റെ വസതി സന്ദർശിക്കാനുള്ള സാമാന്യ മര്യാദ എംപി കാണിക്കണമെന്ന് വൈദികന്റെ വസതിയിലെത്തി സഹോദരനെ സന്ദർശിച്ച ഡി സി സി പ്രസിഡണ്ട് അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു. എത്രയും വേഗം ആക്രമണകാരികളെ അറസ്റ്റ് ചെയ്യാൻ വേണ്ട നടപടികൾ എം പി സ്വീകരിക്കണം.

നേതാക്കളായ മുൻ മേയർ ഐ പി പോൾ, ബൈജു വർഗീസ്, സിജോ ജോർജ്, ടി വി ചന്ദ്രൻ, ജോർജ് ചാണ്ടി, ജോസ് പറമ്പൻ, പ്രവീൺ ലാൽ, അരുൺ സണ്ണി എന്നിവർ ഡി സി സി പ്രസിഡന്റിന്റെ കൂടെ ഉണ്ടായിരുന്നു.

## വാർത്താച്ചുരുക്കം

* സാഹിത്യകാരി സാറാ ജോസഫിനെ ആദരിക്കൽ സമ്മേളനം സാഹിത്യ അക്കാദമിയിൽ തുടങ്ങി. 6-ന് സമാപിക്കും
* ശ്രീധരൻ തേറമ്പലിന്റെ പോരാട്ട ജീവിതം നിറഞ്ഞ പുസ്തകത്തിന്റെ പ്രകാശനം 12 ന് കാലത്ത് 10.30 ന് വിപുലമായ രീതിയിൽ സാഹിത്യ അക്കാദമിവൈലോപ്പിള്ളി ഹാളിൽ നടക്കും. പ്രമുഖർ പങ്കെടുക്കും
* കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ 33ാം തൃശൂർ ജില്ലാ സമ്മേളനം 7, 8 തീയതികളിൽ വടക്കാഞ്ചേരി അനുഗ്രഹ ഓഡിറ്റോറിയത്തിൽ വിപുല പരിപാടികളോടെ നടക്കും
* സ്ത്രീ സംരംഭകരുടെ കൂട്ടായ്മ ഒരുക്കുന്ന ഉല്പന്ന പ്രദർശനം വിപുലമായി ശ്രീ ശങ്കര ഹാളിൽ തുടങ്ങി.
* ചരക്ക് വാഹന തൊഴിലാളികളുടെ സംയുക്ത യൂണിയൻ കൺവെൻഷൻ 7ന് കാലത്ത് 10 ന് സി.ഐ.ടി.യു. ഹാളിൽ നടക്കും.കാമേഴ്സ് 15 ന് ആദരിക്കും. 3 മണിക്ക് ഹോട്ടൽ ദാസ് കോൺഡിനൽ ഹാളിലാണ് ചടങ്ങ്. മഹാരാഷ്ട്ര ഗവർണർ സി പി.രാധാകൃഷ്ണൻ മുഖ്യാഥിതി ആയിരിക്കും

## ഇരിങ്ങാലക്കുട ബ്ലോക്ക് മാലിന്യമുക്ത പ്രഖ്യാപനം നടത്തി

ഇരിങ്ങാലക്കുട: ബ്ലോക്ക് പഞ്ചായത്ത്തല മാലിന്യമുക്ത പ്രഖ്യാപനവും നവീകരിച്ച ശാന്തിനികേതൻ ഹാളിന്റെ ഉദ്ഘാടനവും സബ് കളക്ടർ അഖിൽ വി. മേനോൻ നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച പഞ്ചായത്തിനും സ്ഥാപനങ്ങൾക്കുമുള്ള അവാർഡുകൾ സബ് കളക്ടർ വിതരണം ചെയ്തു. ഇരിങ്ങാലക്കുട ബ്ലോക്കിലെ മാലിന്യ മുക്ത പ്രവർത്തനത്തിൽ മികച്ച മാതൃകാ ഗ്രാമപഞ്ചായത്തായി പറപ്പൂക്കര ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തു.

ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 7.5 ലക്ഷം രൂപ ചെലവഴിച്ചാണ് ശാന്തിനികേതൻ ഹാൾ നവീകരിച്ചത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കാട്ടൂർ, കാറളം, മുരിയാട്, പറപ്പൂക്കര എന്നീ നാല് ഗ്രാമപഞ്ചായത്തുകളും മാലിന്യ മുക്തമാക്കിയിട്ടുണ്ട്.

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിതാ ബാലൻ അധ്യക്ഷത വഹിച്ചു. ലത ചന്ദ്രൻ, കെ.എസ്. രമേഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ജോസ് ജെ. ചിറ്റിലപ്പിള്ളി, കെ. അനൂപ്, ബിന്ദു പ്രദീപ്, ടി.വി. ലത, സുനിത മനോജ്, കാർത്തിക ജയൻ, പി.ടി കിഷോർ, സെക്രട്ടറി ഇൻചാർജ്ജ് എൻ. രാജേഷ്, മെമ്പർമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഇരിഞ്ഞാലക്കുട കത്തീഡ്രൽ കെ സി വൈ എമ്മിന്റെ വാർഷികാഘോഷം



ഇരിഞ്ഞാലക്കുട സെൻറ് തോമസ് കത്തീഡ്രൽ കെ.സി. വൈ.എം 39-ാം വാർഷികത്തോടനുബന്ധിച്ച് പള്ളിയങ്കണത്തിൽ കേശദാനം മഹാദാനം എന്ന പ്രോഗ്രാമും അഖിലകേരള ഡാൻസ് കോമ്പറ്റീഷൻ മിരിയം 2024 സംഘടിപ്പിച്ചു. കത്തീഡ്രൽ വികാരിയും കെ.സി.വൈ.മിന്റെ ഡയറക്ടറുമായ റവ.ഡോ.ഫാ. ലാസർ കുറ്റിക്കാടൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഇരിഞ്ഞാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥിയായി മിറിയം ഡാൻസ് പ്രോഗ്രാമിന്റെ സ്പോൺസറും നിവേദ്യ സ്ക്കുൾ മാപ്രാണം ചെയർമാൻ വിപിൻ പാറമേക്കാട്ടിനും, കേശദാനം മഹാദാനം എന്ന പ്രോഗ്രാമിന്റെ സ്പോൺസറും നിതാസ് ബ്യൂട്ടിപാർലർ ഉടമയുമായ നിതാ നിജോയും വിശിഷ്ടാതിഥിയായി മണവാളൻസ് ടീം അംഗവും രാകേഷ് ജേക്കബും, ആശംസകൾ അർപ്പിച്ച് കത്തീഡ്രൽ അസി.വികാരിമാരായ ഫാ. ഹാലറ്റ് തുലാപറമ്പൻ, ഫാ. ഗ്ലിഡിൽ പഞ്ഞിക്കാരൻ, ഫാ. ജോസഫ് പയ്യപ്പിള്ളി കൈക്കാരൻ പോൾ ചാമപറമ്പിൽ, ലിംസൺ ഊക്കൻ എന്നിവർ സംസാരിച്ചു. യോഗത്തിൽ വിപിൻ പാറമേക്കാട്ടിയും നിതാ നിജോയെയും ആദരിച്ചു. കെസിവൈഎം പ്രസിഡൻറ് ഗിഫ്റ്റ്സൺ ബിജു സ്വാഗതവും പ്രോഗ്രാം ജനറൽ കൺവീനർ യേശുദാസ് മാമ്പിള്ളി നന്ദിയും പറഞ്ഞു. ഡാൻസ് കോമ്പറ്റീഷനിൽ 13 ടീമുകൾ പങ്കെടുക്കുകയും ഒന്നാം സമ്മാനം-Fantasia Dance Squad, രണ്ടാം സമ്മാനം - SD Squad, മൂന്നാം സമ്മാനം - Chalakkudy KCYM കരസ്ഥമാക്കുകയും, പങ്കെടുത്ത എല്ലാ ടീമംഗങ്ങൾക്കും പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്തു.

## ചിത്രകലാ ക്യാമ്പ് ഏപ്രിൽ 7 മുതൽ 11 വരെ

തൃശ്ശൂർ: പ്രസ് ക്ലബ്ബും ചിത്രകലാ പരിക്ഷത്തുമായി ചേർന്ന് മാധ്യമ പ്രവർത്തകരുടെ മക്കൾക്ക് ചിത്രകലാ ക്യാമ്പ് പ്രസ് ക്ലബ്ബിൽ വച്ച് നടത്തുന്നു. ഏപ്രിൽ 7 മുതൽ ഏപ്രിൽ 11വരെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെയാണ് ക്യാമ്പ് നടക്കുന്നത്. താത്പര്യമുള്ളവർ ഏപ്രിൽ 5നകം പ്രസ് ക്ലബ്ബിൽ പേരുകൾ നൽകണം. വരയ്ക്കാനുള്ള ചാർട്ട് പേപ്പർ ക്ലബ്ബിൽ നിന്നും ലഭിക്കും. പെയ്ന്റിംഗിന് ആവിശ്യമുള്ള സാധനങ്ങൾ അവരവർ കൊണ്ടുവരേണ്ടതാണ്.




പുതുക്കാട്: നിയോജകമണ്ഡലത്തിലെ വല്ലച്ചിറ മണ്ഡലം യു ഡി എഫ് നേതൃത്വത്തിൽ നടത്തിയ രാപ്പകൽ സമരം ഡി സി സി ജനറൽ സെക്രട്ടറി സെബി കൊടിയൻ ഉത്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് സിജോ എടപ്പിള്ളി അധ്യക്ഷതവഹിച്ച യോഗത്തിൽ മുഖ്യ പ്രഭാഷണം ഡി സി സി ജനറൽ സെക്രട്ടറി ശോഭ സുബിൻ, സി മുരാരി , രാമൻ കുട്ടി മാസ്റ്റർ, ജം ആന്റണി,മധുമാസ്റ്റർ, വിജയൻ കളരിക്കൽ ബെന്നി തെക്കിനിയത്ത് ജയരാജ് നടുവിൽ, എം.ടി രമേഷ് ഷാജു പല്ലിശ്ശേരി, വിൻസന്റെ പിഎ, റോയി പടിക്കല എന്നിവർ സംസാരിച്ചു.

## കെ.എസ്.നന്ദനയെ പുരസ്കാരം നൽകി ആദരിച്ചു



തൃശൂർ : ഫിസിക്കലി ചലഞ്ചഡ്സ് ഓൾ സ്പോർട്സ് അസോസിയേഷൻ കേരളയും,ഫ്യൂച്ചർ ഒളിമ്പ്യൻസ് പ്രൊഫഷണൽ ആർച്ചറി ട്രെയിനിങ് അക്കാഡമിയും ചേർന്ന് ഒല്ലൂർ വൈലോപ്പിള്ളി സ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ച സൗജന്യ അവധിക്കാല ആർച്ചറി പരിശീലന ക്യാമ്പിൽ വെച്ച് ഭിന്നശേഷിക്കാരായ കായിക താരങ്ങളെ സൗജന്യമായി പരിശീലനം നൽകുന്ന കെ.എസ്.നന്ദനയെ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം പുരസ്ക്കാരം നൽകി ആദരിച്ചു.ഫിസിക്കലി ചലഞ്ചഡ്സ് ഓൾ സ്പോർട്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് കിഷോർ എ.എം.അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്.പ്രിൻസ് ഉദ്ഘാടനം ചെയ്തു. ജില്ലാ സ്പോർട്സ് കൗൺസിൽ മെമ്പർ അഡ്വ: കെ.ആർ അജിത്ത് ബാബു തേജസ് കൃഷ്ണ,അമർനാഥ്,ഇ.വി.നന്ദന,എന്നിവർ അനുമോദന പ്രസംഗം നടത്തി.

## രാപ്പകൽ സമരം നടത്തി



പുതുക്കാട് : പഞ്ചായത്തുകളിൽ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ച് വികസന മുരടിപ്പ് സൃഷ്ടിക്കുന്ന പിണറായി സർക്കാരിനെതിരെ വില വർദ്ധനവിനെതിരെ അങ്കണവാടി ആശാ വർക്കേഴ്സിന്റെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് യു ഡി ഫ് പുതുക്കാട് മണ്ഡലം കമ്മിറ്റി നടത്തിയ രാപ്പകൽ സമരം പുതുക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് ഉദ്ഘാടനം ചെയ്തു.

മണ്ഡലം പ്രസിഡന്റ് രാജു തളിയപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. ബ്ലോക്ക് വൈസ് പ്രസിഡന്റ് ഷാജു കാളിയേങ്കര, കേരള കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് വി കെ ആന്റണി, കെ ജെ ജോജു, വി കെ വേലുക്കുട്ടി, രജനി സുധാകരൻ, ഷൈനി ജോജു, ജെയിംസ് പറപ്പുള്ളി , ജെസ്റ്റിൻ ആറ്റുപുറം എന്നിവർ പ്രസംഗിച്ചു. മാസപ്പടി കേസിൽ വീണ വിജയനെ പ്രതിപട്ടികയിൽ ഉൾപ്പെടുത്തിയ സാഹചത്തിൽ പിണറായി വിജയൻ മുഖ്യമന്ത്രി സ്ഥാനം രാജി വെക്കണമെന്നാവശ്യപ്പെട്ട് പിണറായി വിജയന്റെ കോലം കത്തിച്ചു.

## മുക്കുപണ്ടം പണയം വെച്ച് പണം തട്ടാൻ ശ്രമിച്ച സഹ.ബാങ്ക് മാനേജരുടേയും ഭാര്യയുടേയും സഹോദരിയുടേയും മുൻകൂർ ജാമ്യാപേക്ഷ സെഷൻസ് കോടതി തള്ളി

തൃശൂർ: മുക്കുപണ്ടം പണയം വെച്ച് സ്വർണ്ണ പണയം നടത്തി, പണം തട്ടിയെടുക്കാൻ ശ്രമിച്ചതിൽ കാറളം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ കാവുപ്പാറ ശാഖയുടെ മാനേജർ-കം-കാഷ്യർ ആയ കാറളം കാക്കേരി വീട്ടിൽ മോഹനൻ മകൻ ഷൈൻ (50 വയസ്സ്), ടിയാന്റെ ഭാര്യ ഷീജ (45 വയസ്സ്), ടിയാന്റെ സഹോദരിയും പൂമംഗലം പായമ്മൽ ഐനിക്കൽ രാമദാസ് ഭാര്യയുമായ ലിഷ (46 വയസ്സ്) എന്നവരുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളി തൃശ്ശൂർ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് പി.പി. സെയ്തലവി ഉത്തരവായി.

02.04.2022 മുതൽ 2024 മെയ് മാസം വരെയുള്ള കാലയളവിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതിയായ ഷൈൻ, കാറളം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ കാവുപ്പാറ ശാഖയുടെ മാനേജർ-കം-കാഷ്യർ ആയിരുന്ന സമയത്ത്, 428 ഗ്രാം മുക്കുപണ്ടം ഭാര്യയുടേയും സഹോദരിയുടേയും പേരിൽ സ്വർണ്ണ പണയം വെച്ച് 19,54,000/ രൂപ ലോൺ എടുത്ത് ബാങ്കിന് നഷ്ടം വരുത്തി വെയ്കുകയായിരുന്നു. ബാങ്കിന്റെ പരാതിയിൽ കാറളം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ സമയത്ത് പ്രതികൾ നഷ്ടം വരുത്തിയ തുക ബാങ്കിൽ തിരിച്ചടച്ച്, പണയം വെച്ച മുക്കുപണ്ടം തിരിച്ചെടുത്ത് കേസിൽ നിന്നും രക്ഷപ്പെടുവാൻ ശ്രമിക്കുകയുണ്ടായി. മുൻകൂർ ജാമ്യത്തിനുള്ള ഹർജി പരിശോധിച്ചതിൽ ബഹു കോടതി, നിലവിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ വ്യാപകമാകുന്നതായും കേസിന്റെ അന്വേഷണം സുതാര്യമായ രീതിയിൽ പൂർത്തീകരിക്കുന്നതിന് കസ്റ്റഡിയിലുള്ള അന്വേഷണം ഒഴിവാക്കാനാവാത്തതാണെന്നും ബഹു കോടതി പ്രതികളുടെ മുൻകൂർ ജാമ്യ ഹർജി പരിഗണിച്ച സമയത്ത് വിലയിരുത്തി.

കേസ് രജിസ്റ്റർ ചെയ്തതിനാൽ ബാങ്കിനെ കബളിപ്പിച്ചെടുത്ത തുക തിരികെ അടച്ചതുമൂലം കേസിൽ നിന്നും പ്രതികളെ ഒഴിവാക്കാനാകില്ലെന്നും മുഖ്യപ്രതി ബാങ്ക് മാനേജരായി സേവനം ചെയ്താണ് ഇത്തര ത്തിലുള്ള ഗൗരവമായ കൃത്യവിലോപങ്ങൾ നടത്തുന്നതെന്നും, ബാങ്കിന്റെ രജിസ്റ്ററുകളിൽ വ്യാജമായി എഴുതി ചേർത്താണ് കുറ്റകൃത്യം നടത്തിയതെന്നും അത്തരം കൃത്രിമ രേഖകൾ ചമച്ച മാനേജരായ പ്രതിയ്ക്കും കൂട്ടാളികൾക്കും ജാമ്യം അനുവദിച്ചാൽ ആയത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതിനും തെളിവുകൾ നശിപ്പിക്കുന്ന തിനും സാക്ഷികളെ സ്വാധീനിക്കുന്നതിനും പ്രതികൾ തുടർന്നും ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനും സാധ്യതയുള്ളതാണെന്നും കേസിൽ അന്വേഷണം പൂർത്തികരിക്കേണ്ടത് അത്യാവശ്യമാണെന്നും ആയതിനാൽ യാതൊരു കാരണവശാലും പ്രതികൾക്ക് ജാമ്യം നൽകരുതെന്നുമുള്ള പ്രോസിക്യൂഷനു വേണ്ടി ഹാജരായ ജില്ലാ പബ്ലിക്ക് പ്രോസിക്യൂട്ടർ കെ.ബി. സുനിൽകുമാറിന്റെ വാദങ്ങൾ പരിഗണിച്ചാണ് സെഷൻസ് കോടതി പ്രതിയുടെ ജാമ്യാപേക്ഷ തള്ളി ഉത്തരവായത്.

## നിര്യാതനായി

### ജോണി



പുതുക്കാട്: തൃശുക്കാരൻ പൊറിഞ്ചു മകൻ ജോണി (70) നിര്യാതനായി സംസ്കാര കർമ്മം ഇന്ന്രാവിലെ 10 മണിക്ക് പുതുക്കാട് സെന്റ് ആന്റണിസ് ഫൊറേന പള്ളി സെമിത്തേരിയിൽ നടത്തപ്പെട്ടു. ഭാര്യ-എൽസ്സി ജോണി. മക്കൾ-റോസ്മേരി, പ്രിൻസൺ മരുമക്കൾ-ജെൻസൺ, അമൃത.


